ബസ് മാറ്റിയിടുകയാണ്. അവിടെ കെ.എസ്.ആർ.ടി.സി.-ക്ക് ബസ് ഉണ്ടെങ്കിൽ ഞങ്ങളാരും എതിരല്ല. നിലവിലിരിക്കുന്ന സർവ്വീസിനെ ക്യാൻസൽ ചെയ്യുകൊണ്ട് പ്രൈവറ്റ് ബസ്സിന് പാര വയ്ക്കുന്ന കെ.എസ്.ആർ.ടി.സി.-യുടെ നടപടികളോട് ഞങ്ങൾക്ക് തർക്കമുണ്ട്. അക്കാര്യം തന്നെയാണ് ഞാൻ പറഞ്ഞത്.

മി. സ്പീക്കർ: ശ്രീ. പി. സി. ജോർജ്, അങ്ങേക്ക് ഞാൻ സമയം അനുവദിക്കാത്തത്, ചെയർ എന്ന നിലയിൽ സഭ നടത്തിക്കൊണ്ടുപോകാൻ പ്രതിപക്ഷ നേതാക്കന്മാർ എഴുന്നേറ്റപ്പോൾ സമയമനുവദിച്ചത് സ്വാഭാവികമായ കാര്യമാണ്. അങ്ങനെയൊന്നും സംസാരിക്കരുത്. ആ സംസാരമൊന്നും സ്പീക്കറോട് വേണ്ട. അങ്ങ് ഭരണകക്ഷിയുടെ ചീഫ് വിപ്പായതുകൊണ്ട് നല്ല നിലയിൽ സഭ നടത്തിക്കൊണ്ടുപോകാനുള്ള ചെയറിന്റെ പരിശ്രമങ്ങളെ സഹായിക്കേണ്ട ഒരാളാണ്. അങ്ങയുടെ അവകാശത്തെ ചോദ്യം ചെയ്തതല്ല. അത് എന്റെ ഭാഗത്തു നിന്നുള്ള തെറ്റല്ല. എന്റെ സമീപനത്തിൽ വന്നുപോയ ഒന്നാണ്. ഇന്ന് 48 സബ്മിഷനുകളുണ്ട്. ഇത് രണ്ടാമത്തെ സബ്മിഷനായതേയുള്ളൂ. നിങ്ങൾ ഓരോരുത്തരും ഇങ്ങനെ എഴുന്നേറ്റുനിന്ന് പറഞ്ഞാൽ ചെയറിന് പ്രശ്നമില്ല. വെളുക്കുന്നതുവരെയിരിക്കാം.

(2) കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന് നാമകരണം

ശ്രീ. അൻവർ സാദത്ത്: സർ, കെ. കരുണാകരൻ മുഖ്യമന്ത്രി ആയിരുന്നപ്പോഴും അല്ലാതിരുന്നപ്പോഴും കേരളത്തിൽ ഒരുപാട് വികസന പ്രവർത്തനങ്ങൾ സംഭാവന ചെയ്ത വ്യക്തിയായിരുന്നു. അതിൽ പ്രധാനപ്പെട്ട കാര്യമെന്ന് പറയുന്നത്, കൊച്ചി അന്താരാഷ്ട്ര സ്റ്റേഡിയത്തിന് മുൻ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവിന്റെ പേര് അദ്ദേഹം നാമകരണം ചെയ്യപ്പെട്ടു. അതുപോലെ കൊണ്ടുവന്ന ഒരു പ്രധാന പദ്ധതിയാണ് കൊച്ചി അന്താരാഷ്ട്ര വിമാനത്താളം (സിയാൽ). ഇത് ഇന്ത്യയിൽതന്നെ മാതൃകയാക്കി എടുക്കാൻ പറ്റിയ ഒരു സ്ഥാപനമാണ്. ലീഡർ കെ. കരുണാകരന്റെ നിശ്ചയദാർഢ്യത്തിന്റേയും ഇച്ഛാശക്തിയുടേയും ദീർഘവീക്ഷണത്തിന്റേയും ഉദാഹരണമായാണ് ഈ വിമാനത്താവളത്തെ നമ്മൾ നോക്കി കാണുന്നത്. ഇന്ത്യയിൽ കേന്ദ്ര ഗവൺമെന്റ് അടക്കം മൂന്നിക്കാണിച്ചിട്ടുള്ള ഒരു പദ്ധതിയാണ് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം. വിദേശ ഇന്ത്യക്കാർക്കും കേരളത്തിനും വലിയ പ്രയോജനം ചെയ്യുന്ന ഒന്നാണ് ഈ വിമാനത്താവളം. അദ്ദേഹത്തിന്റെ ഓർമ്മ നിലനിർത്തുവാൻ ഈ വിമാനത്താവളത്തിന് കെ. കരുണാകരന്റെ പേര് നാമകരണം ചെയ്യണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം ഇന്ത്യയിലെ ആദ്യത്തെ ബഹുജനപങ്കാളിത്തത്തോടെയുള്ള (PPP മോഡൽ) വിമാനത്താവളമാണ്. ഈ വിമാനത്താവളം ഇന്ത്യക്കുതന്നെ മാതൃകയാവുകയും അതേ മാതൃകയിലുള്ള വിമാനത്താവളങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടെ വന്നുകൊണ്ടിരിക്കുകയുമാണ്. ഈ വിമാനത്താവളം വന്നത് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കെ. കരുണാകരൻ എന്ന ഭരണാധികാരിയുടെ ഇച്ഛാശക്തിയുടെ ഫലമായിട്ടാണ്. അന്ന് പല എതിർപ്പുകളും വിമർശനങ്ങളുമുണ്ടായെങ്കിലും അതൊന്നും വകവയ്ക്കാതെ ഈ വിമാനത്താവളം കേരളത്തിന്റെ വികസനത്തിന് ആവശ്യമാണെന്ന് കാണുകയും അതനുസരിച്ച് അദ്ദേഹമെടുത്ത നിലപാടുമായി മുന്നോട്ടുപോവുകയും ചെയ്തതിന്റെ ഫലമായിട്ടാണ് ഇത് യാഥാർത്ഥ്യമായത്. ഇന്ന് ലോകത്തിലെ അന്താരാഷ്ട്ര വിമാനത്താവളങ്ങളിൽ ഇൻവെസ്റ്റ്മെന്റ് പ്രോഫിറ്റ് റേഷ്യോ പരിശോധിച്ചാൽ ഏറ്റവും കുറഞ്ഞ ഇൻവെസ്റ്റ്മെന്റും കൂടിയ പ്രോഫിറ്റുമുള്ള ലോകത്തിലെ അഞ്ചാമത്തെ അന്താരാഷ്ട്ര വിമാനത്താവളമാണിത്. ഇന്ന് ആ വിമാനത്താവളത്തിന്റെ പേര് കൊച്ചിൻ അന്താരാഷ്ട്ര വിമാനത്താവളം ലിമിറ്റഡ് (സിയാൽ) എന്നാണ് അന്താരാഷ്ട്ര ദേശീയ സംസ്ഥാന വ്യോമയാന രേഖകളിലെല്ലാം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്. പേര് മാറ്റുന്ന വിഷയം കമ്പനിയുടെ നയപരമായ കാര്യമായതിനാൽ സിയാൽ-ന്റെ ഡയറക്ടർ ബോർഡിന്റെ ശുപാർശ പ്രകാരം കമ്പനിയുടെ വാർഷിക പൊതുയോഗത്തിലാണ് തീരുമാനിക്കേണ്ടത്. പേര് മാറ്റുവാൻ ഇന്ത്യാ ഗവൺമെന്റിന്റെ അംഗീകാരവും നേടേണ്ടതുണ്ട്. ഇവിടെ പറഞ്ഞ നിർദ്ദേശം കുറെ നാളുകളായി പല കേന്ദ്രങ്ങളിൽ നിന്ന് വന്നിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഭയിൽ ഇങ്ങനെയൊരു സബ്മിഷനവതരിപ്പിച്ച സാഹചര്യത്തിൽ അടുത്ത ഡയറക്ടർ ബോർഡ് യോഗത്തിൽ ഈ പ്രശ്നമുന്നയിക്കും. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന് കെ. കരുണാകരന്റെ പേര് വന്നിട്ടില്ലെങ്കിലും അദ്ദേഹത്തിന്റെ ഇച്ഛാശക്തിയുടെ പ്രതീകമായിട്ടാണ് ആ വിമാനത്താവളം നിലനിൽക്കുന്നത്. കെ. കരുണാകരന്റെ പേര് വിമാനത്താവളത്തിന് നൽകുന്നത് സംബന്ധിച്ച് അടുത്ത ബോർഡ് യോഗത്തിൽ ചർച്ച ചെയ്യുന്നതാണ്.

(3) ആർക്കിടെക്ട്സ് ആക്ട് നടപ്പിലാക്കൽ

ശ്രീ. എ. പ്രദീപ്കുമാർ : സർ, 1972-ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ദി ആർക്കിടെക്ട്സ് ആക്ട് ഇതുവരെ കേരളത്തിൽ നടപ്പിലാക്കാത്തതിനെക്കുറിച്ചാണ് ഉന്നയിക്കുന്നത്. ഏറ്റവും മികച്ച ആർക്കിടെക്ടിന്റെ മികവുറ്റ സേവനം സർക്കാരിനും സമൂഹത്തിനും ലഭ്യമാക്കാനുദ്ദേശിച്ചാണ് 1972-ൽ പാർലമെന്റ് ഈ ആക്ട്